പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3132 13.07.2015-ൽ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ ജൻറം ബസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ എത്ര ജൻറം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | കണ്ണൂർ ജില്ലയിൽ 8 ജൻറം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ജൻറം ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ബസ്സുകൾ ; എവിടെയൊക്കെയാണ് അവ സർവ്വീസ് നടത്തുന്നത് ; | (ബി) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഒരു ജൻറം ബസ് അനുവദിച്ചിട്ടുണ്ട്. ഈ ബസ് പയ്യന്നൂർ - പുളിങ്ങോം - രാജഗിരി റൂട്ടിലാണ് സർവ്വീസ് നടത്തുന്നത്. |
| (സി) | പയ്യന്നൂരിൽ നിന്നും ബംഗ്ലൂരുവിലേയ്ക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സൂപ്പർ ഡീലക്സ് ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | 2 സൂപ്പർ എക്സ്പ്രസ് ബസ്സുകൾ ഉപയോഗിച്ച് ബംഗളൂരുവിലേക്ക് 2 സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പയ്യന്നൂരിൽ നിന്നും ബംഗളൂരുവിലേക്ക് സൂപ്പർ ഡീലക്സ് ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തിയിരുന്നില്ല. |
| (ഡി) | ബംഗ്ലൂരുവിലേയ്ക്കുള്ള യാത്രക്കാരുടെ എണ്ണം പരിഗണിച്ച് പയ്യന്നൂരിൽ നിന്നും ഒരു എ.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറും / മൊബൈൽ ഫോണും പണം നെറ്റ് ബാങ്കിംഗിലൂടെ കൈമാറ്റം ചെയ്യുവാൻ സൗകര്യമുള്ള ആർക്കും കെ.എസ്.ആർ.ടി.സി.യുടെ |

ഓൺ-ലൈൻ റിസർവേഷനിലൂടെ ദീർഘദൂര സർവ്വീസുകൾക്കും, അന്തർ സംസ്ഥാന സർവ്വീസുകൾക്കും ഓൺ-ലൈനിലൂടെ ടിക്കറ്റ് റിസർവ്വ് ചെയ്യാവുന്നതും, എം.ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതുമാണ്. പയ്യന്നൂർ ഡിപ്പോയിൽ ഓൺ-ലൈൻ റിസർവേഷൻ കൗണ്ടർ ഏർപ്പെടുത്തുന്നത് ലാഭകരമല്ല എന്നതിനാൽ തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസര